# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

**ഇ-മെയിൽ: dompm.ksad@kerala.gov.in**

**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.എം.പി.എം15/1834/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 08/10/2025
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത

തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം15/1834/2025 തീയ്യതി: 08/10/2025

# മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2024 മുതൽ 09-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ

അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അശ്റഫ് പെരുമ്പള്ളി, കെ.എ.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2025 | 21-07-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-07-2025 | 21-07-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.അബ്ദുൽ റഷീദ് എം.പി, ഓഡിറ്റ് ഓഫീസർ
ശ്രീ. മുഹമ്മദ് സിയാദ്. പി.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. സിന്ധു. ഐ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. മൊയ്തീൻ ഫാസിൽ കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| ശ്രീമതി. ഷംസിയ സുബൈർ | പ്രസിഡന്റ് | 01-04-2024 | 01-05-2024 |
| ശ്രീമതി.മൈമൂന കല്ലേരി | പ്രസിഡന്റ് | 17-05-2024 | 31-03-2025 |
| ശ്രീ. വിനോദ് കെ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 07-04-2024 |
| ശ്രീ.ബാബു. ടി.കെ | സെക്രട്ടറി | 08-04-2024 | 12-01-2025 |
| ശ്രീ. വിനോദ് കെ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-01-2025 | 03-02-2025 |
| ശ്രീ.ബാബു. ടി.കെ | സെക്രട്ടറി | 04-02-2025 | 31-03-2025 |
| ശ്രീ. അബ്ദു നാസർ പി.ടി(അധിക ചുമതല) | പ്രസിഡന്റ് | 02-05-2024 | 16-05-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിനോദ് കെ.പി | അ.സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി.സ്മിത ടി.വൈ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീമതി. ദിവ്യ കെ | കൃഷി ഓഫീസർ | 01-04-2024 | 19-05-2024 |
| ശ്രീമതി.ഷഹനില പി.പി | കൃഷി ഓഫീസർ | 20-05-2024 | 15-12-2024 |
| ശ്രീമതി. മുഹ്സിന എം.കെ | കൃഷി ഓഫീസർ | 16-12-2024 | 02-01-2025 |
| ഒഴിവ് | കൃഷി ഓഫീസർ | 03-01-2025 | 03-01-2025 |
| ശ്രീമതി.ഫാദിയ ഹന. എം | കൃഷി ഓഫീസർ | 04-01-2025 | 05-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി. മുഹ്സിന എം.കെ | കൃഷി ഓഫീസർ | 06-03-2025 | 31-03-2025 |
| ശ്രീമതി. സമിയ്യ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ഡോ. ആസിഫ് ജഹാൻ. വി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2024 | 31-03-2025 |
| ഡോ.ഷഫ്ന പി.കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ.ദിവ്യ മോഹൻ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| കാവ്യ. എസ് | വി.ഇ.ഒ | 01-04-2024 | 31-03-2025 |
| ശ്രീമതി. ഷൈലജ കെ.എസ് | ഹെഡ് മിസ്ട്രസ്സ് | 01-04-2024 | 31-05-2024 |
| ഒഴിവ് | ഹെഡ് മിസ്ട്രസ്സ് | 01-06-2024 | 18-06-2024 |
| ശ്രാമതി. രാധാമണി പി | ഹെഡ് മിസ്ട്രസ്സ് | 19-06-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബാങ്കിൽ ക്രെഡിറ്റ് ആയ തുക ബാങ്ക് ബുക്കിലേക്ക് വരവ് വെച്ചിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | ലോൺ ഇനത്തിലെ നീക്കിയിരിപ്പിൽ വ്യത്യാസം | 1-1-3 |
| 5 | മുഴുവൻ രേഖകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമപദ്ധതികൾ | 1-7 |
| 13 | ക്യാഷ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | ഹെൽത്ത് ഗ്രാന്റ്-വിനിയോഗവും ഫലപ്രാപ്തിയും | 1-11 |
| 17 | ജൽജീവൻ മിഷൻ പദ്ധതി അവലോകനം | 1-12 |
| 18 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു | 1-13 |
| 19 | ഡെപ്പോസിറ്റ് തുകകളുടെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല | 1-14 |
| 20 | അഡ്വാൻസ് തുകകളുടെ വിശദാംശം ലഭ്യമല്ല | 1-15 |
| 21 | മേഖല തെറ്റായി വസ്തു നികുതി നിർണ്ണയിച്ചു | 1-16 |

| | | |
|---|---|---|
| 22 | വിതരണരേഖകൾ ലഭ്യമല്ല | 1-17 |
| 23 | അംഗനവാടികളിലെ നെയിംബോർഡുകൾ സ്പെസിഫിക്കേഷൻ പ്രകാരമല്ല നിർമ്മിച്ചിട്ടുള്ളത്. | 1-18 |
| 24 | കുറഞ്ഞ നിരക്ക് കാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നല്ല കുക്കർ വാങ്ങിയിട്ടുള്ളത് | 1-19 |
| 25 | കംപ്യൂട്ടർ വാങ്ങിയതിലെ അപാകത | 1-20 |
| 26 | ചെയ്യാത്ത ഇനത്തിന് തുക നൽകി -നഷ്ടം 2706.87 രൂപ | 1-21 |
| 27 | മോണിറ്ററിംഗ് -സർക്കാർ ഉത്തരവു പാലിക്കുന്നില്ല | 1-22 |
| 28 | യൂനാനി മരുന്നു വാങ്ങൽ-മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല | 1-23 |
| 29 | പി.എച്ച്.സി മരുന്നുകൾ മുഴുവനായും ലഭ്യമായില്ല | 1-24 |
| 30 | ത്രീ ഫേസ് വയറിംഗ്:വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-25 |
| 31 | വാഹനങ്ങളുടെ വിവരം വീൽസ് സോഫ്റ്റ് വെയറിൽ ചേർത്തിട്ടില്ല. | 1-26 |
| 32 | ഹോമിയോ മരുന്ന് ലഭ്യമായില്ല | 1-27 |
| 33 | ഹരിതമിത്രം-ക്യു.ആർ .കോഡ് പതിക്കൽ പൂർത്തീകരിച്ചില്ല. ഹരിതമിത്രം-ക്യു.ആർ.കോഡ് പതിക്കൽ-പൂർത്തീകരിച്ചിട്ടില്ല | 1-28 |
| 34 | SSK വിശദമായ വിനിയോഗ വിവരം ലഭ്യമല്ല | 1-29 |
| 35 | ലോഗ് ബുക്ക് വാഹനപരിപാലനത്തിലെ അപാകതകൾ KL 55Z 2246 | 1-30 |
| 36 | ഹരിത കർമ്മസേനക്ക് വാഹനം: തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ് | 1-31 |
| **ഭാഗം 2** | | |
| 1 | ഇല്ല | 2-1 |
| **ഭാഗം 3** | | |
| 1 | ഇല്ല | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം- ഒടുക്ക് വിശദാംശങ്ങൾ | 4-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-9 |
| 10 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 ബാങ്കിൽ ക്രെഡിറ്റ് ആയ തുക ബാങ്ക് ബുക്കിലേക്ക് വരവ് വെച്ചിട്ടില്ല

കനറാ ബാങ്കിന്റെ ( A/C No: 110042603496) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 30.04.2024 ന് 46897/- രൂപ ബാങ്കിൽ ക്രെഡിറ്റ് ആയിട്ടുണ്ട്. എന്നാൽ ആയത് നാളിത് വരെ സ്ഥാപനത്തിന്റേതാണെന്ന് ഉറപ്പ് വരുത്തി ബാങ്ക് ബുക്കിലേക്ക് വരവ് വെച്ചിട്ടില്ല.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 21.06.2025 തീയതിയിലെ 2(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 26.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള

അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

മലപ്പുറം
തീയതി : 08/10/2025

## <u>1-1-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമല്ല</u>

ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് ഷെഡ്യൂൾ B-9 പ്രകാരം സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ 7800/- രൂപ മുൻകൂർ ആയി സ്വീകരിച്ചിട്ടുണ്ട്. മുൻ വർഷത്തെ വാർഷിക കണക്കിലും ടി തുക മുൻകൂർ ആയി കൈപ്പറ്റിയതായി B-9 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ലഭ്യമല്ല.

## <u>1-1-3 ലോൺ ഇനത്തിലെ നീക്കിയിരിപ്പിൽ വ്യത്യാസം</u>

Rp-31 ഷെഡ്യൂൾ പ്രകാരം കെ.യു.ആർ.ഡി.എഫ്.സി ലോൺ ഇനത്തിൽ തൻ വർഷം ലഭ്യമായ തുക 6,000,000/- രൂപയും ചെലവ് പത്രിക പ്രകാരം ഈ ഇനത്തിലേക്കുള്ള ജി.ഒ പദ്ധതി പ്രകാരമുള്ള തിരിച്ചടവ്

821272(406817+407068+7387) രൂപയുമാണ്. മുൻ വർഷ വാർഷിക കണക്കിലെ ഷെഡ്യൂൾ B-5 പ്രകാരം ലോണിലേക്ക് തിരിച്ചടക്കാൻ ബാക്കിയുള്ള തുക -637211 രൂപയാണ്. ആയതിൻ പ്രകാരം ഈ ഇനത്തിലേക്കുള്ള ബാക്കി അടവ് തുക 4541517/ - രൂപയാണ്. എന്നാൽ തൻ വർഷത്തെ വാർഷികകണക്കിലെ B-5 ഷെഡ്യൂൾ പ്രകാരം ലോണിലേക്കുള്ള ബാക്കി അടവ് തുക 2641517/- രൂപയാണ്.

## 1-1-4 മുഴുവൻ രേഖകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-5 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 11131202/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 11328932 /-രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

| 2024-25ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2024-25ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./ തിയ്യതി |
|---|---|
| 1(1)/08.02.2024 | 2(1)/12.03.2025 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (₹) |
|---|---:|
| മുന്നിരിപ്പ് | 34,415,979 |
| വരവ് | 59138993 |
| ആകെ | 93554972 |
| ചെലവ് | 47810061 |
| നീക്കിയിരിപ്പ് | 45744911 |

## 1-4 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 17156915 | 17156915 | 17156915 | 0 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 1179613 | 1179613 | 1179613 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 9361000 | 9361000 | 9361000 | 0 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 4955000 | 4955000 | 4609377 | 345623 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 8892215 | 8892215 | 6610706 | 2281509 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 3244009 | 3244009 | 2742318 | 501691 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടു-കളുടെ ശതമാനം |
|---|---|---|---|---|---|---|
| 210 | 110774802 | 155 | 68131189 | 0 | 55 | 73.80% |

കുറിപ്പ് :-

അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ തുക ഈടാക്കുന്നതിനും ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവിനും തൻവർഷത്തിൽ ആകെ ₹2091472/- സോഴ്സ് ഡിഡക്ഷൻ നടത്തിയ ജി.ഒ പ്രോജക്ടുകളുടെ അടങ്കൽ തുക പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറായ സുലേഖയിൽ നിന്നുമുള്ള ചെലവ് പത്രികയിൽ

രേഖപ്പെടുത്തിയിട്ടില്ല. ഈ തുക കൂടി ഉൾപ്പെടുത്തിയിട്ടുള്ള അടങ്കൽ വിവരമാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3317 | 672974 | 676291 | 675555 | 736 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 6444430 | 6444430 | 6444430 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 361,600 | 22 |
| വിധവാപെൻഷൻ | 18,377,600 | 1154 |
| വാർദ്ധക്യകാലപെൻഷൻ | 34,186,900 | 2235 |
| വികലാംഗപെൻഷൻ | 6,601,600 | 421 |
| വിവാഹ ധനസഹായം | 90,000 | 3 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 144,000 | 9 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.07.2025 ന് 12:00PM മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 708/- രൂപയുടെ

ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.
സെക്രട്ടറി ഉൾപ്പെടെ 16 സ്ഥിരം ജീവനക്കാരും കരാറടിസ്ഥാനത്തിൽ ടെക്നിക്കൽ അസിസ്റ്റന്റ്,പ്രൊജക്ട് അസിസ്റ്റന്റ് എന്നിവരും താൽക്കാലികാടിസ്ഥാനത്തിൽ ഒരു ഡ്രൈവറും ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്യുന്നുണ്ട്.
ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട നിരീക്ഷണങ്ങൾ.
1.ചുമതലകൾ നിർവ്വഹിക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ മാസവും ഓഫീസ് മീറ്റിംഗുകൾ ചേർന്നിട്ടുണ്ട്.
2.നികുതികളും ഫീസുകളും പിരിച്ചെടുക്കുന്നതിനായി പ്രത്യേകമായി 3 ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിക്കുകയും 18 വാർഡുകളും ഉൾപ്പെടുന്ന രീതിയിൽ 2 ക്യാമ്പ് കളക്ഷനുകൾ നടത്തുകയും 100% നികുതികളും ഫീസുകളും പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.
3.ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പ്രകാരം 1996-97 മുതലുള്ള 25 റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കാനുണ്ട്.
4. ഹാർഡ്‌വെയർ മെയിന്റനൻസ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
5. ഗ്രാമപഞ്ചായത്തിലെ 13 ജീവനക്കാരുടെ 2019ലെ ശമ്പളനിർണ്ണയത്തിന് ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം വാങ്ങിയിട്ടില്ല.
6.പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.08.2022 | 04/2022 മുതൽ 07/2022 വരെ | 20.08.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.03.2011 മുതൽ 14.03.2011 വരെ | 2005-06 മുതൽ 2009-10 വരെ | 18.04.2011 |

## 1-11 ഹെൽത്ത് ഗ്രാന്റ്-വിനിയോഗവും ഫലപ്രാപ്തിയും

**ആമുഖം**

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911/- കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051/- കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യക്കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും താഴെ ചേർക്കുന്ന 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഈ ഗ്രാന്റ് 2021-22 വർഷം മുതൽ 2025-26 വർഷം വരെയാണ് അനുവദിക്കുന്നത്.

| ക്രമ നം. | ഗ്രാന്റ് അനുവദിക്കുന്ന സ്കീമിന്റെ പേര് |
|---|---|
| 1 | കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്കും കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കും (ഗ്രാമ പഞ്ചായത്തുകൾ) സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കും (ബ്ലോക്ക് പഞ്ചായത്തുകൾ) കെട്ടിടം നിർമ്മിക്കുവാൻ സഹായം |
| 2 | ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം |
| 3 | ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| 4 | ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ |

**ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും**

ഡി.കെ.എസ്.എ. /201/ PT 1/ 2025 തീയതി 16.05.2025 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2024-25 വാർഷിക ഓഡിറ്റിന്റെ ഭാഗമായി പതിനഞ്ചാം കേന്ദ്ര ധനകാര്യക്കമ്മീഷന്റെ ശുപാർശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുള്ള ഹെൽത്ത് ഗ്രാന്റ് ഒരു പൊതുവിഷയമായി പരിശോധന നടത്തി ഏകീകൃത സ്വഭാവമുള്ള നിരീക്ഷണങ്ങൾ / പരാമർശങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1/10.07.2025ന് ലഭ്യമാക്കിയ മറുപടിയും 2021-22 മുതലുള്ള "സുലേഖ" ചെലവ് പത്രികകളും ഹെൽത്ത് ഗ്രാന്റ് സംബന്ധിച്ച മറ്റ്

രേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ചെറിയമുണ്ടംഗ്രാമപഞ്ചായത്തിന് നാളിതു വരെ ലഭ്യമായിട്ടുള്ള ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗവും ഫലപ്രാപ്തിയും സംബന്ധിച്ച വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

## നാളിതു വരെ ലഭ്യമായ ഹെൽത്ത് ഗ്രാന്റ് വിവരം

ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന് 2021-22 വർഷം മുതൽ വിവിധ സ്കീമുകളിലായി ഹെൽത്ത് ഗ്രാന്റ് ലഭ്യമായതിന്റെയും ആയവ ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു. ഓരോ വർഷവും ലഭ്യമായ ഹെൽത്ത് ഗ്രാന്റ് തുകകൾ അടുത്ത വർഷങ്ങളിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ മുഖേന ചെലവഴിച്ചതിന്റെ വിവരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2021-22 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ തുകയൊന്നും ലഭ്യമായിട്ടില്ല.

| വർഷം | സ്കീം -1<br>Grants For Specific Purposes - Health Grant Towards Buildingless Subcentres, PHCs And CHCs | | | സ്കീം - 3<br>Grants For Specific Purposes - Health Grant Towards Support For Diagnostic Infrastructure To The PHCs | | | സ്കീം - 4<br>Grants For Specific Purposes - Health Grant Towards Conversion OfPHCs And Subcentres Into Health And Wellness Centres | | |
|---|---|---|---|---|---|---|---|---|---|
| | ലഭിച്ചത് (₹) | ചെലവ് (₹) | ബാക്കി (₹) | ലഭിച്ചത് (₹) | ചെലവ് (₹) | ബാക്കി (₹) | ലഭിച്ചത് (₹) | ചെലവ് (₹) | ബാക്കി (₹) |
| 2021-22 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 2022-23 | 0 | 0 | 0 | 2,64,733 | 0 | 2,64,733 | 1,35,000 | 0 | 1,35,000 |
| 2023-24 | 0 | 0 | 0 | 10,24,000 | 2,64,624 | 7,59,376 | 4,22,000 | 1,34,997 | 2,87,003 |
| 2024-25 | 0 | 0 | 0 | 4,28,000 | 2,72,437 | 1,55,563 | 6,72,000 | 4,21,183 | 2,50,817 |
| ആകെ | 0 | 0 | 0 | 17,16,733 | 5,37,061 | 11,79,672 | 12,29,000 | 5,56,180 | 6,72,820 |

31.03.2025 വരെ സ്കീം 1, 3, 4 എന്നിവ പ്രകാരം

. ആകെ ലഭ്യമായത് : ₹29,45,733/-

. ആകെ ചെലവഴിച്ചത് : ₹10,93,241/-

. ചെലവഴിക്കാൻ അവശേഷിക്കുന്നത് : ₹18,52,492/-

. ചെലവിന്റെ ശതമാനം : 37.11%

ഹെൽത്ത് ഗ്രാന്റ് ചെലവ് വിവരം

ഓരോ വർഷവും നടപ്പാക്കിയ പ്രോജക്ടുകൾ മുഖേന വിവിധ സ്കീമുകളിലായി ഹെൽത്ത് ഗ്രാന്റ് തുക ചെലവഴിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | പ്രോ. നം. | പ്രോജക്ട് പേര് | പ്രോജക്ട് ഇനം (പുതിയത്/ സ്പിൽ ഓവർ) | പ്രോജക്ട് ചെലവ് (₹) | | |
|---|---|---|---|---|---|---|---|
| | | | | | സ്കീം -1 | സ്കീം - 3 | സ്കീം - 4 |
| 1 | 2021-22 | - | - | - | - | - | - |
| 2 | 2022-23 | - | - | - | - | - | - |
| 3 | 2023-24 | 110 | രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ-2021-22 | സ്പിൽ ഓവർ | | 2,64,624 | |
| 4 | | 109 | ഗ്രാമ പ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ-2021-22 | സ്പിൽ ഓവർ | | | 1,34,997 |
| 4 | 2024-25 | | ഹെൽത്ത് ഗ്രാന്റ് - രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുക2022-23 | സ്പിൽ ഓവർ | | 2,72,437 | |
| 5 | | | ഹെൽത്ത് ഗ്രാന്റ് – ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | സ്പിൽ ഓവർ | | | 4,21,183 |
| | | | ആകെ | | | 5,37,061 | 5,56,180 |
| | | | ഒട്ടാകെ | | 10,93,241 | | |

നീക്കിയിരിപ്പ് വിവരം

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം 31.03.2025 തീയ്യതിയിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (പലിശ ഉൾപ്പെടെ)

| സ്കീം നം. | അക്കൗണ്ട് ശീർഷകം | നീക്കിയിരിപ്പ് (₹) |
|---|---|---|
| 1 | 320100203 - Grants For Specific Purposes - Health Grant Towards Buildingless Subcentres, PHCs And CHCs | 6,72,00 |
| 3 | 320100202 - Grants For Specific Purposes – Health Grant Towards Support For Diagnostic InfraStructure To The PHCs | 4,28,000 |
| 4 | 320100204 - Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres | 7,51,563 |
| | ആകെ | 18,51,563 |

ഓഡിറ്റ് അന്വേഷണക്കുറിപ്പ് (1/14.07.25) ന് ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും (1852492) AFS പ്രകാരമുള്ള നീക്കിയിരിപ്പ് തുക (18,51,563) യും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

<u>ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരം.</u>

| വർഷം | പ്രോ. നം. | പ്രോജക്റ്റ് പേര് | ചെലവ് തുക (₹) | റിമാർക്സ് |
|---|---|---|---|---|
| 2024-25 | 186 | Health Grant Towards Support For Diagnostic InfraStructure To The PHCs(SO) | 2,72,437 | ആശുപത്രിയിലെ ഫാർമസിയിൽ കമ്പ്യൂട്ടർ വാങ്ങൽ,മരുന്നുകൾവയ്ക്കുന്നതിനായി റാക്കുകൾ സ്ഥാപിക്കുന്നതിന് ഫാബ്രിക്കേഷൻ പ്രവർത്തികൾ ചെയ്തിട്ടിട്ടുണ്ട് |

കെട്ടിടമില്ലാത്ത ആരോഗ്യ കേന്ദ്രങ്ങൾക്കും ഉപകേന്ദ്രങ്ങൾക്കും കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്കീം-1 പ്രകാരമുള്ള ഗ്രാന്റ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. നിലവിൽ കുടുംബാരോഗ്യ കേന്ദ്രത്തിന് മാത്രമെ

സ്വന്തമായി കെട്ടിടമുള്ളൂ. 4 ഉപ കേന്ദ്രങ്ങൾക്ക്കെട്ടിടങ്ങളില്ല. ഒരു ഉപകേന്ദ്രം പി.എച്ച്.സിയിൽ തന്നെപ്രവർത്തിച്ചു വരുന്നു.പി.എച്ച്.സിയിൽ ലാബ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല

ഗ്രാന്റ് വിനിയോഗ പുരോഗതി/ ഫലപ്രാപ്തി

ഹെൽത്ത് ഗ്രാന്റിനത്തിൽ ലഭിക്കുന്ന തുക രോഗ നിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആശുപത്രി വഴി പ്രദാനം ചെയ്യുന്ന സേവനങ്ങളുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനും ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ഗ്രാമ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഫണ്ട് ലഭിക്കുന്ന സാഹചര്യങ്ങളിൽ, അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പ്രോജക്കുകൾ ആവിഷ്ക്കരിച്ച് സമയബന്ധിതമായി ഫണ്ട് വിനിയോഗിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 ജൽജീവൻ മിഷൻ പദ്ധതി അവലോകനം

2024 വർഷത്തോടു കൂടി കേരളത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുറഞ്ഞ ചെലവിൽ ലളിതമായ നടപടിക്രമങ്ങളിലൂടെ കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് ജൽജീവൻ മിഷൻ രൂപീകരിച്ചിട്ടുള്ളത്. പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് 50 ശതമാനം കേന്ദ്ര വിഹിതവും 50 ശതമാനം സംസ്ഥാന വിഹിതവുമാണ്. സംസ്ഥാന വിഹിതമായി ഉൾപ്പെടുത്തിയ തുകയുടെ 15% പഞ്ചായത്തും 10% ഗുണഭോക്താക്കളും വഹിക്കുന്ന രീതിയിലാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിനായി കേരള വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ് , ജലനിധി എന്നിവയിലേതെങ്കിലും ഒരു നിർവ്വഹണ ഏജൻസിയെ അതാത് ഗ്രാമ പഞ്ചായത്തിന് തെരെഞ്ഞെടുക്കാവുന്നതാണ്. പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും നിർവ്വഹണ ഏജൻസിക്കു കൈമാറി പദ്ധതി പ്രകാരമുള്ള വ്യക്തിഗത കണക്ഷനുകൾ ലഭ്യമാക്കാവുന്നതാണ്.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.5.2025 ലെ ഡി.കെ.എസ്.എ/201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം **ചെറിയമുണ്ടം** ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റ് വേളയിൽ ഗ്രാമ പഞ്ചായത്തിൽ മേൽ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ പരിശോധനാ വിധേയമാക്കി.

ഗ്രാമപഞ്ചായത്തിന്റെ ജൽജീവൻ മിഷൻ പദ്ധതിയുടെ വിവരം താഴെ കൊടുക്കുന്നു.

1). കേരള വാട്ടർ അതോറിറ്റി നടപ്പാക്കുന്ന ജൽജീവൻ മിഷൻ പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് വിഹിതമായ 15%, ഗുണഭോക്തൃ വിഹിതമായ 10% എന്നിവ ഗ്രാമപഞ്ചായത്ത് നാളിതുവരെ കൈമാറിയിട്ടില്ല.
2). ജൽജീവൻ മിഷൻ പദ്ധതി ഗുണഭോക്തൃ വിഹിതം ഇനത്തിൽ ഗ്രാമപഞ്ചായത്തിന് നാളിത് വരെ തുകയൊന്നും ലഭിച്ചിട്ടില്ല.

3). ജൽജീവൻ മിഷൻ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയിട്ടില്ല. മതിയായ ഫണ്ട് ഇല്ലാത്തതിനാലാണ് തുക വകയിരുത്താത്തതെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി

നമ്പർ.01/10.07.2025 ന് മറുപടി ലഭ്യമാക്കിയത്.
4). ജൽജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് നാളിതുവരെ ഗ്രാമപഞ്ചായത്തിന് ഫണ്ട് ലഭിച്ചിട്ടില്ല.
ജൽജീവൻ മിഷൻ പദ്ധതിക്കായി പഞ്ചായത്ത് വിഹിതം അടവാക്കാൻ തദ്ദേശ സ്വയം ഭരണ വകുപ്പ് മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 28.02.25 ലെ LSGD/JD/MPM/1696/2025-G4 നം. കത്ത് പ്രകാരം നിർദ്ദേശം ഉണ്ടായെങ്കിലും ജലജീവൻ മിഷൻ നാളിത് വരെ പഞ്ചായത്ത് പരിധിയിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി കത്ത് നല്കാനാണ് 10.03.25 ൽ ചേർന്ന ഭരണ സമിതി യോഗം തീരുമാനിച്ചതായി കാണുന്നത് . ഇക്കാര്യത്തിലെ പുരോഗതി വിവരം ലഭ്യമായിട്ടില്ല.

## 1-13 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ ഗ്രാമ പഞ്ചായത്തിൽ നിന്ന് ചുവടെ കൊടുത്തത് പ്രകാരം ഫാക്ടിയോസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന് കണ്ടു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | ലൈസൻസ് നമ്പർ | സ്ഥാപനം |
|---|---|---|
| 19 | 1462/01.03.24 | പി.കെ.എം ഹെൽത്ത്കെയർ |
| 57 | 1906/21.03.24 | ത്രിഫല ആയുർഭവൻ ആയുർവ്വേദ ക്ലിനിക് |
| 170 | 5752/12.09.24 | ഹീലിയോൺ ഹോമിയോ ക്ലിനിക് |
| 178 | 5645/08.10.25 | സുവൈദ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവ്വേദ |
| | | |

| | | |
|---|---|---|
| 194 | 6883/05.12.24 | സാജ് മെഡിക്കൽ ലബോറട്ടറി |
| 197 | 7090/17.12.24 | ആഫിയ അക്യുപങ്ക്ചർ വെൽനെസ് സെന്റർ |

മേൽ സ്ഥാപനങ്ങൾ 1996 ലെ കേരള ഗ്രാമ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 4(എ) പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ ആയതിന്റെയും ചട്ടം (6) അടിസ്ഥാനത്തിൽ തൊഴിൽ നികുതി അടവാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെയും വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/18.07.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ ആയത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ഡെപ്പോസിറ്റ് തുകകളുടെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല

ഗ്രാമ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 2024-25 വർഷത്തിൽ ഡെപ്പോസിറ്റ് ഇനത്തിൽ വലിയ തുക മുൻ വർഷങ്ങളിൽ നീക്കിയിരിപ്പ് ഉള്ളതായി കണ്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ .നം | സ്ഥാപനം | B-18 പ്രകാരമുള്ള നീക്കിയിരിപ്പ് തുക |
|---|---|---|
| 1 | Contractors Earnest Money Deposit | 342621 |
| 2 | Suppliers Earnest Money Deposit | 134503 |
| 3 | Bidders Earnest Money Deposit | 19438 |
| 4 | Contractors Security Deposit | 18150 |
| 5 | Contractors Retension | 116588 |
| 6 | Suppliers Security Deposit | 51840 |
| 7 | Suppliers Retension | 33248 |
| 8 | Election Deposit | 102500 |
| 9 | Bidders Security Deposit | 9412 |
| 10 | Auction Deposit | 9412 |

മേൽ തുകകൾ ലഭ്യമായ തിയ്യതി വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 56 (ബി) പ്രകാരം Liability Periodന് ശേഷം മൂന്ന് വർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. മേൽ ഡെപ്പോസിറ്റ് തുകകളുടെ വിശദ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 08/16.07.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 അഡ്വാൻസ് തുകകളുടെ വിശദാംശം ലഭ്യമല്ല

ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് ഷെഡ്യൂൾ B-18 പ്രകാരം അഡ്വാൻസ് ഇനത്തിൽ ചുവടെ കൊടുക്കുന്ന സ്ഥാപനങ്ങൾക്ക്/ വ്യക്തികൾക്ക് പണം അനുവദിച്ചതായി കണ്ടു.

| ക്രമ .നം | സ്ഥാപനം | B-18 പ്രകാരമുള്ള തുക |
|---|---|---|
| 1 | Advance To Implementing Agencies-Deposit With Kerala Electricity Board | 55188 |
| 2 | Advance To Implementing Agencies-Deposit With Grolund Water Department | 388400 |
| 3 | Advance To Others | 32550 |
| 4 | Advance To Implementing Officers | 383143 |

മുൻ വർഷത്തെ വാർഷിക കണക്കിലും B-18 ഷെഡ്യൂളിൽ ഇതേ തുകകൾ നീക്കിയിരിപ്പായി അവശേഷിക്കുന്നുണ്ട്. ഏത് തീയ്യതിയിലാണ്/പ്രവർത്തിക്കാണ് മേൽ സ്ഥാപനങ്ങൾക്ക് ടി തുകകൾ അനുവദിച്ചതെന്നോ പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നോ പ്രവർത്തിക്കായി അനുവദിച്ച മുഴുവൻ തുകകളും ചെലവഴിച്ചിട്ടുണ്ടോ എന്നുള്ളതെന്നും അഡ്വാൻസ് രജിസ്റ്ററിൽ നിന്നും വ്യക്തമല്ല.ആയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 09/16.07.25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിന് നൽകുന്ന ആദ്യ മറുപടിയിൽ വിശദാംശം ലഭ്യമാക്കേണ്ടതും മുൻകൂർ തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 മേഖല തെറ്റായി വസ്തു നികുതി നിർണ്ണയിച്ചു

ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ഫയൽ നമ്പർ-A3-4892/01.09.24 പ്രകാരം കദീജ.കെ എന്നവർക്ക് 166.07ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് നമ്പർ അനുവദിച്ചതായി കണ്ടു. ഭരണ സമിതിയുടെ 25.07.2023 തീയ്യതിയിലെ 4(2) നമ്പർ തീരുമാന പ്രകാരം പനമ്പാലം -കടുങ്ങാത്തുകുണ്ട് ജില്ലാ പാതയുടെ ഇരുവശവും 200 മീറ്റർ ദൂരത്തിലുള്ള സ്ഥലം പ്രഥമ മേഖലയിൽ

ഉൾപ്പെടുത്തേണ്ടതാണ്. ആയത് പ്രകാരം പ്രഥമ മേഖലയിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന മേൽ കെട്ടിടം ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തിയതിനാൽ വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണ്ണം ചതുരശ്ര മീറ്ററിൽ | അടിസ്ഥാന വസ്തു നികുതി | ആകെ അടിസ്ഥാന വസ്തുനികുതി | ദ്വിതീയ മേഖലയിൽ ഉൾപ്പെട്ടതിനാൽ നൽകിയ ഇളവ് |
|---|---|---|---|---|
| 11/452-A | 23.6 | 63 | 1486.8 | 148.68 |
| 11/452-B | 23.6 | 63 | 1486.8 | 148.68 |
| 11/452-C | 23.62 | 63 | 1488.06 | 148.806 |
| 11/452-D | 23.81 | 63 | 1500.03 | 150.003 |
| 11/452-E | 23.81 | 63 | 1500.03 | 150.003 |
| 11/452-F | 23.81 | 63 | 1500.03 | 150.003 |
| 11/452-G | 23.82 | 63 | 1500.66 | 150.066 |
| ആകെ | 166.07 | 63 | 10462.41 | 1046.241 |

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/18.07.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിട ഉടമയിൽ നിന്ന് ക്രമ പ്രകാരമുള്ള വസ്തു നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 വിതരണരേഖകൾ ലഭ്യമല്ല

2024-25 വർഷത്തിൽ കൃഷിഓഫീസർ നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്കുകളിൽ വിതരണരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ക് നം, പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽനം.തീയതി& തുക, ഇൻവോയ്സ് നം& തുക | റിമാർക്സ് |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 1) 105/25(SO)<br>ഞങ്ങളും കൃഷിയിലേക്ക് കുറ്റി കുരുമുളക് തൈ വിതരണം | ₹1,12,500/-<br>(വികസനഫണ്ട്)<br>₹37,500/-<br>(ഗുണഭോക്തൃ വിഹിതം) | ₹1,12,500/-<br>₹37,500/-<br>ആകെ:1,50,000/- | 1.2415055203 6000180718/ 16.5.2024:<br>1,12,500<br>2.22400219/18.06.24<br>37,500-<br>1.ഇൻവോ.നം TIR/363/23-24/ 29.1.24:<br>90,000/-<br>2.ഇൻവോ.നം TIR/411/23-24/ 2.2.24:<br>60,000/(RAIDCO,Tirur) | 240 പേരിൽ നിന്ന് 50 രൂപ വീതവും440 പേരിൽ നിന്ന് 75 രൂപ വീതവും ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടുണ്ട്<br>1500 എണ്ണം തൈകകൾ വാങ്ങിയിട്ടുണ്ട് |
| 2) 99/25 (SO)<br>വെറ്റിലക്കൃഷി | ₹2,52,000/-<br>(വികസനഫണ്ട്) | 2,52,000/- | 1.2415055203 6000260465/ 7.6.24:<br>1,67,556/-<br>2.2415055203 60001545896/ 25.3.24/18.05.2024<br>84,444/- | കോഡൂർ കാർഷിക കർമസേനയിൽ നിന്ന്1.ബിൽ.നം 4126/ 13.2.24:<br>1,60,000/-<br>(ട്രൈക്കോലെർമ |

| | | | | |
|---|---|---|---|---|
| | | | | സംപുഷ്ട ജൈവവളം 10000kg)<br>2. ബിൽ.നം4242/ 13.2.24: 16,000/-(1000kg കുമ്മായം)<br>3. ബിൽ.നം4125/ 13.2.24: 1,60,000/- (ട്രൈക്കോഡെർമ സംപുഷ്ട ജൈവവളം 10000kg) എന്നിവ വാങ്ങി |
| | | | | |
| 3) 106/25 (SO) കമുക് കൃഷി വികസന പദ്ധതി | ₹30,000/- (വികസനഫണ്ട്) | 30,000/- | 2415055203 6000180723/ 16.5.24:30,000/- | RAIDCO,തിരൂർ എന്ന സ്ഥാപനത്തിൽ നിന്ന്<br>1.ഇൻവോ.നം TIR/362/23-24/ 29.1.24:37,500/ (Passed 28,125/-) |

| | | | | |
|---|---|---|---|---|
| | | | | 2.ഇൻവോ.നം TIR/546/23-24/ 18.3.24:<br>2500/-<br>(Passed 1875) പ്രകാരം 1600 എണ്ണം കമുക് തൈകകൾ വാങ്ങി. |
| | | | | |
| 4) 155/25(SO)<br>ഞങ്ങളും കൃഷിയിലേക്ക്- ഫലവൃക്ഷ കിറ്റ് വിതരണം | ₹4,68,,500/- (വികസന ഫണ്ട്)<br>₹1,56,500/- (ഗുണഭോക്തൃ വിഹിതം)<br>ആകെ:6,25,000/- | 4,68,,500/<br>1,56,500/<br>ആകെ:<br>6,25,000/- | 1.2415055203 6000260471/ 7.6.24:<br>4,68,500<br>2. 22401091/ 13.02.2025<br>ആകെ:6,25,000/- | RAIDCO,തിരൂർ എന്ന സ്ഥാപനത്തിൽ നിന്ന്<br>1.ഇൻവോ.നം TIR/482/23-24/ 24.2.24:<br>1,98,750/<br>(159എണ്ണം@1250)<br>2.ഇൻവോ.നം TIR/482/23-24/ 24.2.24:<br>1,98,750/<br>(159എണ്ണം@ 1250) |

| | | | | |
|---|---|---|---|---|
| | | | | 3.1.ഇൻവോ.നം TIR/493/23-24/ 29.2.24:<br>1,27,500/ (102എണ്ണം@1250)<br>4.1.ഇൻവോ.നം TIR/499/23-24/ 1.3.24:<br>1,00,000/ (80എണ്ണം@ 1250)<br>പ്രകാരം500 എണ്ണം ഫലവൃക്ഷ കിറ്റുകൾ വാങ്ങി<br><u>മറ്റ് അപാകങ്ങൾ</u><br>1.ഇൻവോയിസുകൾ യഥാവിധി സാക്ഷ്യപ്പടുത്തി യിട്ടില്ല.<br>2.ഇൻവോയിസിൽ ഏതൊക്കെ ഫലവൃക്ഷ തൈകളാണെന്ന് രേഖപ്പെടുത്തി യിട്ടില്ല |

| | | | | |
|---|---|---|---|---|
| 5) 104/25(SO)<br>തെങ്ങ് കൃഷി വികസന പദ്ധതി | ₹7,31,250/-<br>(വികസന ഫണ്ട്) | 7,31,250/ | 1.2415055203 6000180705/ 16.5.24:<br>4,87,500/-<br>2.2415055203 6000260464/ 7.6.24:<br>2,43,750/- | കോഡൂർകാർഷിക കർമസേനയിൽ നിന്ന്<br>1.ബിൽ.നം. 4121/ 14.12.23:<br>3,25,000/-<br>( മിക്സഡ് ജൈവവളം<br>25,000kg)<br>2..ബിൽ.നം. 4100/ 1.12.23:<br>3,25,000/-<br>( മിക്സഡ് ജൈവവളം<br>25,000kg)<br>3.ബിൽ.നം. 4078/1.12.23:<br>3,25,000/-<br>( മിക്സഡ് ജൈവവളം<br>25,000<br>Kg@13) എന്നിവ വാങ്ങി |

| | ആകെ | 17,88,250/- | | |
|---|---|---|---|---|

17,88,250 രൂപയുടെ വിതരണരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.27/21.7.2025) നല്കിയതിന് ലഭ്യമാക്കിയ മറുപടിയിൽ ഓരോ വാർഡിലും വിതരണം ചെയ്തത് ,ബന്ധപ്പെട്ട വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയതിന്റെ പകർപ്പാണ് ഹാജരാക്കിയിട്ടുള്ളത്.ഗുണഭോക്താക്കളുടെ കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല.ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കണ്ടതും വിതരണം ചെയ്യുന്ന വേളയിൽ തന്നെ ഗുണഭോക്താക്കളുടെ കൈപ്പറ്റ് രേഖകൾ വാങ്ങേണ്ടതാണ്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## **1-18 അംഗനവാടികളിലെ നെയിംബോർഡുകൾ സ്പെസിഫിക്കേഷൻ പ്രകാരമല്ല നിർമ്മിച്ചിട്ടുള്ളത്.**

പ്രൊജക്റ്റ് : അംഗനവാടികളിൽ നെയിം ബോർഡ് സ്ഥാപിക്കൽ (226/25)

അടങ്കൽ :27000 ( തനത് ഫണ്ട്)

വൗച്ചർ : 22401321 /26.03.2025 തുക 27000/-

ഐ.സി.ഡി.എസ് സൂപ്പർ വൈസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിലേക്കായി അംഗനവാടികളിൽ നെയിം ബോർഡ് സ്ഥാപിക്കുന്നതിന് ക്വട്ടേഷൻ പുറപ്പെടുവിക്കുകയും താഴ്ന്ന നിരക്ക് ക്വാട്ട് ചെയ്ത ( ഒരു നെയിം ബോർഡിന് 3000/- രൂപ) വി സ്റ്റോർ എന്റർ പ്രൈസസ്, ചെർപ്പുള്ളശ്ശേരി എന്ന സ്ഥാപനത്തിന് ( ഇൻവോയ്സ് നമ്പർ 23/24.03.25) പണം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഉൽപന്നം | എണ്ണം | തുക/യൂണിറ്റ് | ആകെ തുക |
|---|---|---|---|
| അംഗനവാടി നെയിം ബോർഡ് | 9 | 3000 | 27000 |

10.03.2025 ന് പുറപ്പെടുവിച്ച ക്വട്ടേഷൻ നോട്ടീസിൽ നെയിം ബോർഡിന്റെ സ്പെസിഫിക്കേഷൻ ചുവടെ കൊടുക്കും പ്രകാരം രേഖപ്പെടുത്തിയിട്ടുള്ളതാണ്.

ബോർഡിന്റെ നീളംx വീതി- 4x3

ബോർഡിന്റെ മെറ്റീരിയൽ- ഫ്രെയിം ജി.ഐ സ്ക്വയർ പൈപ്പ്

ബോർഡ് - എ.സി.പി ഷീറ്റ് .

എന്നാൽ ഐ.സി.ഡി.എസ് സൂപ്പർ വൈസറുടെ സാന്നിദ്ധ്യത്തിൽ 17.07.2025 ന് അംഗനവാടികളിൽ പരിശോധന നടത്തിയപ്പോൾ നെയിംബോർഡുകൾക്ക് ഒന്നിനും ജി.ഐ സ്ക്വയർപൈപ്പിന്റെ ഫ്രെയിം നൽകിയിയിട്ടില്ല എന്നും പരിശോധന നടത്തിയ അംഗനവാടികളിലെ നെയിംബോർഡുകൾ നിശ്ചിത സ്പെസിഫിക്കേഷനിൽ അല്ല എന്നും കണ്ടു. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/18.07.2025 ന് നൽകിയ മറുപടിയിൽ വി സ്റ്റോർ എന്റർപ്രൈസസ് എന്ന സ്ഥാപനത്തെ അപാകത അറിയിച്ചിട്ടുണ്ടെന്നും ജി.ഐ സ്ക്വയർ പൈപ്പ് ഉടൻ ഫിറ്റ് ചെയ്ത് തരുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകത പരിഹരിച്ച് രേഖാമൂലം വിവരം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 27000/- രൂപ തടസ്സം ചെയ്യുന്നു.

## <u>1-19 കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നല്ല കുക്കർ വാങ്ങിയിട്ടുള്ളത്</u>

പ്രൊജക്ട് : അംഗനവാടികളിൽ പാത്രങ്ങളും ഉപകരണങ്ങളും വാങ്ങൽ (172/25)

അടങ്കൽ :150000 (കേന്ദ്രാവിഷ്കൃത ഫണ്ട്)

ചെലവ്: 99499 (കേന്ദ്രാവിഷ്കൃത ഫണ്ട്)

22401261/19.03.2025 തുക 99499

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിലേക്കായി എസ്. എസ് എന്റർപ്രൈസസ് ആലുവ എന്ന സ്ഥാപനത്തിൽ നിന്ന് ഇൻവോയ്സ് നമ്പർ 15/06.03.2025 പ്രകാരം കുക്കർ വാങ്ങൽ നടത്തിയിട്ടുണ്ട്. ആയതിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഉൽപന്നം | എണ്ണം | തുക/ യൂണിറ്റ് | ആകെ തുക | 12% ജി.എസ്.ടി ഉൾപ്പെടെ അനുവദിച്ച തുക |
|---|---|---|---|---|
| ഡൊമസ്റ്റിക് കുക്കർ( As Per Gem Order 10Ltrsx19 Nos And 7 Ltrsx10Nos | 29 | 3063.39 | 88838 | 99499 |

ജെമ്മിൽ ഉൽപന്നം കംപെയർ ചെയ്ത് വാങ്ങുന്നതിന് പകരം നേരിട്ട് വാങ്ങൽ നടത്തുകയാണ് ചെയ്തിട്ടുള്ളത്. യൂണിറ്റിന് 3431/- രൂപ ക്വാട്ട് ചെയ്ത എൽഗി അൾട്രാ 6.5 L ഡൊമെസ്റ്റിക് പ്രഷർകുക്കർ വാങ്ങുന്നതിനാണ് മേൽ സ്ഥാപനവുമായി ഐ.സി.ഡി.എസ് സൂപ്പർവൈസർ കരാറിലേർപ്പെട്ടിട്ടുള്ളതും സാങ്ക്ഷൻ ഓർഡർ നൽകിയിട്ടുള്ളതും.മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സാന്നിദ്ധ്യത്തിൽ 12 അംഗനവാടികളിൽ പരിശോധന നടത്തിയപ്പോൾ (സെന്റർ നമ്പർ: 80,85, 90,98,79,78,102,77,74,91,92,88) ആയവയിൽ ബട്ടർഫ്ലൈ എന്ന ബ്രാൻഡിന്റെ കുക്കറുകൾ

ആണ് വിതരണം ചെയ്തിട്ടുള്ളത് എന്ന് കണ്ടു.

2. ജെമ്മിൽ കേംറോ സ്റ്റീൽ 6.5 L ന്‌റെ കുക്കറിന് 2375/-രൂപയും യു കുക്ക് സ്റ്റീൽ 6.5 L എന്ന കുക്കറിന് 2745/- രൂപയും ആണ് വില രേഖപ്പെടുത്തിയിട്ടുള്ളത് എന്നിരിക്കെ മേൽ കുക്കർ തെരഞ്ഞെടുത്തതിന്‌റെ കാരണം വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/18.07.2025 ന് നൽകിയ മറുപടിയിൽ ജെമ്മിൽ ഡയറക്ട് പർച്ചെയ്സ് ആയി 7 ലിറ്റർ കുക്കറും 10 ലിറ്റർ കുക്കറും കംപെയർ ചെയ്ത് വാങ്ങാനാണ് തീരുമാനിച്ചിരുന്നതെന്നും സ്പെസിഫിക്കേഷൻ മാച്ച് ആവുന്ന തരത്തിൽ ഉൽപന്നം ലഭ്യമാകാതെ വന്നതിനാലാണ് ബിഡ് ചെയ്ത് വാങ്ങിയതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ താഴ്ന്ന നിരക്കിൽ ക്വാട്ട് ചെയ്ത കുക്കർ ഒഴിവാക്കിയതിന്‌റെ കാരണം വ്യക്തമല്ല. ആയതിന് വിശദീകരണം ലഭ്യമാകുന്നത് വരെ ചെലവ് തുക 99499/- രൂപ തടസ്സം ചെയ്യുന്നു.

## 1-20 കംപ്യൂട്ടർ വാങ്ങിയതിലെ അപാകത

പ്രൊജക്ട് : കാഴ്ച ശക്തിയില്ലാത്തവർക്കുള്ള ലാപ്ടോപ്പ് കംപ്യൂട്ടർ വാങ്ങി നൽകൽ (171/25)

അടങ്കൽ :70000 ( പൊതുവിഭാഗം സാധാരണ വിഹിതം)

30000(തനത് ഫണ്ട്)

ചെലവ്: 70000 ( പൊതുവിഭാഗം സാധാരണ വിഹിതം)

19460(തനത് ഫണ്ട്)

ബി.ആർ.എൻ:24150552036301038512/15.12.24 തുക 70000/-

22400730/15.11.2024 തുക 19460

ഐ.സി.ഡി.എസ് സൂപ്പർ വൈസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിലേക്ക് സ്റ്റെല്ലാർ സൊല്യൂഷൻസ്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്ന് 2 ലാപ്ടോപ്പ് കംപ്യൂട്ടർ വാങ്ങിയതിലേക്കായി ( ഇൻവോയ്സ് നമ്പർ 75/ 02.11.2024) 89460/- രൂപ അനുവദിച്ചിട്ടുണ്ട്.ആയതിന്‌റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഉൽപന്നം | എണ്ണം | തുക/ യൂണിറ്റ് | ആകെ തുക | 18% ജി.എസ്.ടി ഉൾപ്പെടെ 2 കംപ്യൂട്ടറിന് അനുവദിച്ച തുക |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| HP 240 GB G9(I3-1215U/8GB/512GB | 2 | 37906.78 | 75813.56 | 89460 |

"GeM"-ൽ (Government E Marketplace) കമ്പയർ ലിസ്റ്റ് തയ്യാറാക്കി കുറഞ്ഞ വില ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. എന്നാൽ മേൽ വാങ്ങലുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. "GeM"-ലെ കമ്പയർ ലിസ്റ്റിൽ പ്രോസസ്സറിന്റെ സ്പെസിഫിക്കേഷൻ ചേർത്തിട്ടുള്ളത് ഇന്റൽ കോർ I3 1305U, ഇന്റൽ കോർ I3 1315U എന്നിങ്ങനെയാണ്. ആയത് പ്രകാരമാണ് L1 രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്. എന്നാൽ സ്ഥാപനം ലഭ്യമാക്കിയ ലാപ്ടോപ്പിന്റെ പ്രോസസ്സർ ഇന്റൽ കോർ I3 1215U ആണ്.

2. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022/LSGD/ തീയ്യതി 28.05.2022 അനുബന്ധം 4 പ്രകാരം വാങ്ങൽ നടത്താവുന്ന കംപ്യൂട്ടറിന്റെ മെമ്മറിയുടെ സ്പെസിഫിക്കേഷൻ 4GB DDR4 RAM Expendable Upto Atleast 16 GB പ്രകാരമായിരിക്കേണ്ടതാണ്. എന്നാൽ കംപെയർ ലിസ്റ്റിൽ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടുള്ളത് 16 GB എന്നും. L1 രേഖപ്പെടുത്തിയിട്ടുള്ളത് ആയത് പ്രകാരവുമാണ്. എന്നാൽ സ്ഥാപനം ലഭ്യമാക്കിയ ലാപ്ടോപ്പിന്റെ മെമ്മറി 8 GB മാത്രമാണ്.

3. കംപെയർ ലിസ്റ്റിൽ രേഖപ്പെടുത്തിയ സ്പെസിഫിക്കേഷൻ പ്രകാരം കുറവ് തുക രേഖപ്പെടുത്തിയിട്ടുള്ളത് Acer Intel Core I3 14 Inch ലാപ്ടോപ്പിനാണ്. സ്ഥാപനം ലഭ്യമാക്കിയിട്ടുള്ളത് HP 240 GB G9(I3- 1215U/8GB/512GB കംപ്യൂട്ടറാണ്.

4. സ്ഥാപനവുമായുള്ള കരാറിൽ ലാപ്ടോപ്പ് കംപ്യൂട്ടറിന് 3 വർഷത്തെ വാറണ്ടി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ ആയതിന്റെ വിവരം ചേർക്കുകയോ ഇൻവോയ്സിൽ സ്റ്റോക്കിന്റെ വിശദാംശം യഥാവിധി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/18.07.2025 ന് നൽകിയ മറുപടിയിൽ ബ്ലൈൻഡ് അസോസിയേഷൻ സെക്രട്ടറി 8 GB Ram ഉള്ള HP ലാപ്ടോപ്പാണ് റിക്വസ്റ്റ് ചെയ്തതെന്നും ആയതിന് 17000/- രൂപയായി L1 കാണിച്ചതിനാൽ ഗുണ നിലവാരത്തെക്കുറിച്ച് വ്യക്തത ഇല്ലാത്തതിനാലാണ് Acer ലിങ്ക് L1 ആയി ചെയ്ത് കൊണ്ട് പർച്ചെയ്സ് നടപടികൾ ചെയ്തതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.ആയത് അംഗീകരിക്കാവുന്നതല്ല. സ്ഥാപനത്തിന് ലഭ്യമാക്കിയ ലാപ്ടോപ്പിന് 30000/- രൂപ മാത്രമാണ് വില നിശ്ചയിച്ചിട്ടുള്ളത്. അപാകതക്ക് വ്യക്തമായ മറുപടി ലഭ്യമാകുന്നത് വരെ ചെലവ് തുക 89,460/- രൂപ തടസ്സം ചെയ്യുന്നു.

## 1-21 ചെയ്യാത്ത ഇനത്തിന് തുക നൽകി -നഷ്ടം 2706.87 രൂപ

പ്രൊജക്ട് .210/2025- PHTM Nagar Road Improvement
അടങ്കൽ- 3,50,000 തനത് ഫണ്ട്
ചെലവ്-273227 വൗച്ചർ 22401311/26.03.2025
നിർവ്വഹണം- അസി.എഞ്ചിനീയർ
കരാറുകാരൻ : മുസ്തഫ കെ.
അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടിലെ ഇനം 1.010 Providing And Fixing Granite Board എന്ന ഇനം ചെയ്തിട്ടില്ലെന്ന് 19.07.2025 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടന്ന സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. നൽകിയ തുകയുടെ വിവരം
ആകെ മൂല്യനിർണ്ണയം-273227
പ്രവൃത്തി ഇനം മൂല്യനിർണ്ണയ തുക- 2724.41
ടെണ്ടർ കുറവ് 15.80%-430.45
നൽകിയ തുക- 2293.96+ 18% GST= 2707 ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കുകയോ ചെയ്യാത്ത ഇനത്തിന് നൽകിയ തുക തിരിച്ചടവാക്കി അറിയിക്കുകയോ ചെയ്യേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്( 25/ 19-07-2025)മറുപടി ലഭ്യമാക്കിയില്ല.അധികം നൽകിയ തുക തിരിച്ചടവാക്കേണ്ടതാണ്.

## 1-22 മോണിറ്ററിംഗ് -സർക്കാർ ഉത്തരവു പാലിക്കുന്നില്ല.

സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) 84/2022 ത.സ്വ.ഭ.വ തി.19.04.2022ഉത്തരവിലെ ഖ.14 ൽ മോണിറ്ററിംഗ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഖ.14(1) പ്രകാരം " പ്രൊജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ എല്ലാ അംഗങ്ങളും അടങ്ങിയ സമിതിയോ അല്ലെങ്കിൽ വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർപേഴ്സൺ, വർക്കിംഗ് ഗ്രൂപ്പിന്റെ വൈസ് ചെയർപേഴ്സൺ, നിർവ്വഹണ ഉദ്യോഗസ്ഥയല്ലാത്ത/ ഉദ്യോഗസ്ഥനല്ലാത്ത മറ്റൊരു ഉദ്യോഗസ്ഥ(ൻ)എന്നിവർ ഉൾപ്പെടുന്ന മൂന്നിൽ കുറയാത്ത അംഗങ്ങൾ ഉള്ള വർക്കിംഗ് ഗ്രൂപ്പിന്റെ ഉപസമിതിയോ മോണിറ്ററിംഗ് കമ്മിറ്റികളായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് രൂപീകരിക്കാവുന്നതാണ്. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്."

ഖ.14 പ്രകാരം "വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) ആണെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനർ ആയി വർക്കിംഗ് ഗ്രൂപ്പിലെ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിക്കേണ്ടതും ഇങ്ങനെ തീരുമാനിച്ച കാര്യം സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതുമാണ്.

സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 84/2022 ത.സ്വ.ഭ.വ തി.19.04.2022ഉത്തരവിലെ ഖ.14 ൽ മോണിറ്ററിംഗ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഖ.14(1) പ്രകാരം " പ്രൊജക്ട് മോണിറ്ററിംഗ് അതാത്

വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ എല്ലാ അംഗങ്ങളും അടങ്ങിയ സമിതിയോ അല്ലെങ്കിൽ വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർപേഴ്സൺ, വർക്കിംഗ് ഗ്രൂപ്പിന്റെ വൈസ് ചെയർപേഴ്സൺ, നിർവ്വഹണ ഉദ്യോഗസ്ഥയല്ലാത്ത/ ഉദ്യോഗസ്ഥനല്ലാത്ത മറ്റൊരു ഉദ്യോഗസ്ഥ(ൻ)എന്നിവർ ഉൾപ്പെടുന്ന മൂന്നിൽ കുറയാത്ത അംഗങ്ങൾ ഉള്ള വർക്കിംഗ് ഗ്രൂപ്പിന്റെ ഉപസമിതിയോ മോണിറ്ററിംഗ് കമ്മിറ്റികളായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് രൂപീകരിക്കാവുന്നതാണ്. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്."

ഖ.14 പ്രകാരം "വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) ആണെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനർ ആയി വർക്കിംഗ് ഗ്രൂപ്പിലെ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിക്കേണ്ടതും ഇങ്ങനെ തീരുമാനിച്ച കാര്യം സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതുമാണ്.

എന്നാൽ വർക്കിംഗ് ഗ്രൂപ്പിൽ നിന്നും മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചതായി കാണുന്നില്ല. മാത്രവുമല്ല, നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾ സർക്കാർ ഉത്തരവു പ്രകാരം മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ്. <u>മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 28/21.07.2025</u> നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

എന്നാൽ വർക്കിംഗ് ഗ്രൂപ്പിൽ നിന്നും മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചതായി കാണുന്നില്ല. മാത്രവുമല്ല, നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾ സർക്കാർ ഉത്തരവു പ്രകാരം മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ്. <u>മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 28/21.07.2025</u> നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## <u>1-23 യൂനാനി മരുന്നു വാങ്ങൽ-മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല</u>

പ്രൊജക്ട് നം.23/2024-25 യൂനാനി മരുന്നു വാങ്ങൽ

അടങ്കൽ : (MG-NR)_3,00,000/-,ചെലവ് :3,00,000/-

ബിൽ നം. 24150552035901184201/16-01-25 Rs. 3,00,000

നിർവ്വഹണ ഉദ്യോഗസ്ഥൻ:മെഡിക്കൽ ഓഫീസർ,പി.എച്ച്.സി

പദ്ധതി പ്രകാരം മരുന്നു വാങ്ങുന്നതിനായി Oushadi ക്ക് പ്രൊഫോമ ഇൻവോയ്സ് നമ്പർ 15/2024- 25 തീയ്യതി 26.12.2024 പ്രകാരം 300,000 രൂപ മുൻകൂർ നൽകിയതിൽ മുഴുവൻ തുകയ്ക്കുമുള്ള മരുന്നു ലഭിച്ചിട്ടില്ല. ലഭിച്ചവയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമനം. | ഇൻവോയ്സ് നം,&തീയതി | തുക |
|---|---|---|
| | | |

| | | |
|---|---|---|
| 1. | 90377798/13.3.2025 | 2,38,863/- |
| | ബാക്കി | 61,137/- |

അവശേഷിക്കുന്ന 61,137 രൂപയുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.22/19.7.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-24 പി.എച്ച്.സി മരുന്നുകൾ മുഴുവനായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം, മരുന്നുകൾ ലഭ്യമാക്കുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്.എന്നാൽ കേരള മെഡിക്കൽ സർവീസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | അടങ്കൽ/ ചെലവ് | ബിൽ നമ്പർ/ തിയ്യതി,തുക | പ്രൊഫോമ ഇൻവോയ്സ് നമ്പർ/ തിയ്യതി | ലഭ്യമായ മരുന്നുകൾ, തുക | ലഭ്യമാക്കാൻ അവശേ-ഷിക്കുന്ന മരുന്നുക-ളുടെ തുക |
|---|---|---|---|---|---|
| 22/25,പി. എച് .സി യിലേക്ക് മരുന്ന് വാങ്ങൽ | 15,99,999/ (മെയിന്റനൻസ് ഗ്രാന്റ് നൊൺ റോഡ്) | BRN-24150552035900336259/ 27.6.2024-2,99,831 KMCL | PRF379/ 24.06.2024- 2,99,831 | 22.08.2024 മുതൽ 07.7.2025വരെ 25 ഇൻവോയിസുകളിലായി 1,52,465/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. | 1,47,366 |
| | | BRN-24150552035900546676/ 16.8.2024-3,50,000 KMCL | PRF448/ 29.6.2024- 3,50,000 | 13.11.2024 മുതൽ 01.7.2025 വരെ 6 ഇൻവോയിസുക | 1,18,005 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | ളിലായി 2,31,995/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. | | |
| | | | BRN-241505520359007l7878/<br>27.9.2024-2,60,274<br>KSCCF Ltd | – | 1.18.9.2024ലെ 12136/ S/1/03017,:61,880/-<br>2.18.9.2024ലെ 12136/ S/1/03018:98934/-<br>3.18.9.2024ലെ 12136/ S/1/03019:99460/- | 0 | |
| | | | BRN-24150552035900915364/<br>18.11.2024-2,67,314<br>KSCCF Ltd | – | 18.9.2024ലെ 12136/ S/1/03756:2,67,314 | 0 | |
| | | | 24150552035900123066/<br>1.2.2025-1,08,670<br>Kerala Civil Supply Co.Taluk Depo Tirur | – | 1.1002301/241731/ 2.1.25-48,070<br>2.1002301/241832/ 22.1.25-60600 | 0 | |
| | | | 241505520359001273495/<br>4.2.2025-2,57,303<br>KMCL | PRF3297/ 29.1.2025-2,57,303 | 1.Invoice No.986/ 17.6.2025:91004<br>2.Invo.No.1278:<br>33914/-10/07/2025 | 1,32,385 | |
| | | | 241505520359001412677/<br>03.3.2025-47,156<br>KSCCF LTD | | 12076/SO/1/03421/ 19.2.25-47,156 | 0 | |
| | | | 241505520359001558700/<br>17.3.2025-9442 | - | 1002301/242185/ 12.3.25-9442 | 0 | |

| | | | | | |
|---|---|---|---|---|---|
| | | Supplyco. | | | |
| 18/25 പരിരക്ഷ ഹോം കെയർ | 7,00,000/ (വി.ഫണ്ട് ജനറൽ) | 240150552035901012228/ 11.12.2024:1,00,000/- | PRF 1431/ 05.10.2024- 100,000/- | 1. 153/19.4.2025: 19,125/- 2. 739/28.5.25: 12,322/- 3. 943/16.6.25: 9748/- | 58,805 |
| ആകെ | | | | | 4,56,561/- രൂപ |

അവശേഷിക്കുന്ന മരുന്നുകൾ ലഭിച്ചതിന്റെ വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (No.26/19.7.2025)നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.മരുന്നുകൾ ലഭിച്ച്, സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

## 1-25 ത്രീ ഫേസ് വയറിംഗ്:വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

വൗച്ചർ നം. 22400932 തി. 03.01.25 പ്രകാരം പി എച്ച് സി: ത്രീ ഫേസ് വയറിംഗ് ചെയ്യുന്നതിനായി 84,995 രൂപ കെ എസ് ഇ ബി തിരൂർ ഈസ്റ്റിനു നല്കിയിട്ടുണ്ട്. മേൽ പ്രവർത്തിയുടെ പൂർത്തീകരണ വിവരമോ തുക മുഴുവൻ വിനിയോഗിച്ചതായുള്ള സാക്ഷ്യപത്രമോ ഓഡിറ്റിനു ലഭ്യമാക്കിയ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കെ എസ് ഇ ബി എസ്റ്റിമേറ്റ് പ്രകാരമുള്ള തുക നല്കുകയാണ് ചെയ്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 24/19-07-2025-ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു വരുന്നതായി മറുപടി നല്കി. പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആയത് വരെ ചെലവ് 84,995 രൂപ തടസത്തിൽ വെക്കുന്നു.

## 1-26 വാഹനങ്ങളുടെ വിവരം വീൽസ് സോഫ്റ്റ് വെയറിൽ ചേർത്തിട്ടില്ല.

ധനകാര്യ (ഐ.ടി, സോഫ്റ്റ്വെയർ) വകുപ്പിന്റെ 07.01.2020 തിയ്യതിയിലെ 03/2020 നമ്പർ സർക്കുലറും, 21.11.2019 ലെ 91/2019 നമ്പർ സർക്കുലറും, 11.11.2019 ലെ 88/2019 നമ്പർ സലർക്കുലറിന്റെയും തുർച്ചയായി, ധനകാര്യ (ഐ.ടി, സോഫ്റ്റ്വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ “Vehicle Management And Location Tracking System (VEELS)” എന്ന വെബ്സൈറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം

മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്.

നിലവിൽ സ്ഥാപനത്തിനു കീഴിൽ തന്നെ മഹീന്ദ്ര ബൊലേറോ, മഹീന്ദ്ര പിക്ക് അപ്പ്, ഒമ്നി(ബ്രഡ്സ്) എന്നീ മൂന്നു വാഹനങ്ങൾ നിലവിലുണ്ട്. മേൽ സൂചിത നിർദേശങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്തിലേയും, ഗ്രാമ പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനങ്ങളിലേയും നിലവിലുള്ള വാഹനങ്ങൾ, ഡ്രൈവർമാർ, ഓരോ മാസവും ഉണ്ടായിട്ടുള്ള ചെലവുകൾ എന്നിവ "VEELS" വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തതിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണെന്നറിയിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 21/19-07-2025-നു മറുപടി ലഭ്യമായിട്ടില്ല. മുൻവർഷ റിപ്പോർട്ടുകളിലും ഇതുമായി ബന്ധപ്പെട്ട പരാമർശം നിലനില്ക്കുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിച്ച് പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-27 ഹോമിയോ മരുന്ന് ലഭ്യമായില്ല.

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര്: | ഹോമിയോ ആശുപത്രിക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| പ്രൊജക്റ്റ് നമ്പർ : | 50/25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ : | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| അടങ്കൽ : 2,50,000 | ചെലവ് : 2,00,000 |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ബിൽ നമ്പർ/ തീയതി : | 2415055203610134452O/18.02.25 |

2024-25 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി ഹോംകോയ്ക്ക് മേൽ പട്ടികയിൽ കാണിച്ച പ്രകാരം 2,00,000 രൂപ മുൻകൂർ തുക നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ നാളിതുവരെ ഹോമിയോ ഡിസ്പൻസറിയിൽ ലഭ്യമായിട്ടില്ല. ആയത് നിലവിൽ ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്ക്-വിതരണ രേഖകൾ സഹിതം ഓഡിറ്റിനു ഹാജരാക്കേണ്ടതാണെന്നറിയിച്ചു നല്കിയ ഓഡിറ്റ് എൻക്വയറി നം. 06/15.7.25 നു ചില സാങ്കേതിക കാരണങ്ങളാലാണ് മരുന്ന് സപ്ലൈ ചെയ്യാൻ സാധിക്കാത്തതെന്ന് ബന്ധപ്പെട്ട സ്ഥാപനം അറിയിച്ചതായും മരുന്ന് ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് വിവരം സാക്ഷ്യപ്പെടുത്തിയ ഇൻവോയ്സ് സഹിതം ഓഡിറ്റിനു റിപ്പോർട്ട് ചെയ്യുന്നതാണെന്നും മറുപടി ലഭ്യമാക്കി. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-28 ഹരിതമിത്രം-ക്യൂ.ആർ .കോഡ് പതിക്കൽ പൂർത്തീകരിച്ചില്ല. ഹരിതമിത്രം-ക്യൂ.ആർ.കോഡ് പതിക്കൽ-പൂർത്തീകരിച്ചിട്ടില്ല

| പ്രോജക്ട് നം, പേര് | 173/2024-25 ഹരിതമിത്രംആപ്പ് ക്യൂ.ആർ .കോഡ് പതിക്കൽ വേതനം നല്കൽ | ബിൽനം.തീയതി&തുക |
|---|---|---|
| | | |
| അടങ്കൽ | ₹100,000/- (തനത് ഫണ്ട്) | .നം.22400998/22.1.2025:56,220/-<br>2.നം.22401000/22.1.2025:5670/-<br>3.നം.22401308/26.1.2025:36,015/-<br>4.നം.22401309/26.3.2025:2085/ |
| | | |
| ആകെ ചെലവ് | ₹99,990/- | |

2024-25 വർഷത്തിൽ വി.ഇ.ഒ നടപ്പാക്കിയ ഹരിതമിത്രം ആപ്പ് ക്യൂ.ആർ.കോഡ്പതിപ്പിക്കൽ എന്ന പ്രോജക്ടിൽ 99,990 രൂപ ചെലവഴിച്ചിട്ടുണ്ട്.പഞ്ചായത്തിൽ 7650 വീടുകളും 850 സ്ഥാപനങ്ങളും ഉൾപ്പടെ ആകെ 8500 എണ്ണം ക്യൂ.ആർ.കോഡ് പതിപ്പിക്കാനുള്ളതിൽ 6666 എണ്ണം മാത്രമാണ് പതിപ്പിച്ചിട്ടുള്ളത്.ഒരു ക്യൂ.ആർ.കോഡ് പതിപ്പിക്കുന്നതിന് 15രൂപ നിരക്കിൽ 6666 എണ്ണത്തിന്റ വിലയായി 99,990രൂപ കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പംഗങ്ങൾക്ക് നല്കിയിട്ടുണ്ട്. മുഴുവൻ വീടുകളിലും ക്യൂ.ആർ. കോഡ് സ്ഥാപിക്കാത്തതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതും ബാക്കിയുള്ള വീടുകളിലും സ്ഥാപനങ്ങളിലും ഹരിതമിത്രം ആപ്പ് ക്യൂ.ആർ.കോഡ് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പ്രവർത്തന പുരോഗതി അറിയിക്കുന്നതിന് ഓഡിറ്റ് അന്വേഷണ കുറിപ്പ്(നം.4/)നല്കിയതിന് 06/07/2025ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ പദ്ധതി സ്പിൽ ഓവർ ആയി 2025-26 സാമ്പത്തിക വർഷത്തിലേക്ക്(പ്രോജക്ട് നം.215) ഏറ്റെടുത്തിട്ടുണ്ടെന്നും 754 സ്ഥാപനങ്ങളിൽകൂടി ക്യൂ.ആർ. കോഡ് പതിച്ചതിന്റ വേതനമായി

11,310/-രൂപ കൂടി നല്കിയിട്ടുണ്ടെന്നും ശേഷിക്കുന്ന 172 സ്ഥാപനങ്ങളിലും 15 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.ക്യു.ആർ.കോഡ് പതിപ്പിച്ചതിന്റ പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്

## 1-29 SSK വിശദമായ വിനിയോഗ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവഹണം നടത്തിയ, പ്രൊജക്ട് നം. 30/2025 - എസ്.എസ്.കെ വിഹിതം നൽകൽ പദ്ധതി മുഖേന താഴെ പറയും പ്രകാരം ₹ 10,64,417/- രൂപ, ബിൽ നം. 24150552005401024327/12.12.24 (വികസന ഫണ്ട് ജനറൽ) State Project Officer SSK ക്ക് നൽകിയിട്ടുണ്ട്.

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ലെ ഖ 8.6. വിദ്യാഭ്യാസം, ക്രമ നം. (3), (4),(5) എന്നിവയിൽ എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ നിർദ്ദേശങ്ങൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അവ പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്ത ത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രൊജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Ultation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം.

പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1. പഞ്ചായത്ത് വിഹിതം 1064417 രൂപ എസ്.എസ്.കെ.യ്ക്ക് ലഭിച്ചതിന്റെ രസീതി ഹാജരാക്കിയിട്ടില്ല.
2. ജില്ലാ പ്രൊജക്ട് കോ-ഓർഡിനേറ്റർ, എസ്.എസ്.കെ. മലപ്പുറം 18.06. 2024 ലെ സി.1/646./2024/ എസ്.എസ്.കെ./ എം.പി.എം. നമ്പർ കത്തു പ്രകാരം അറിയിച്ച ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിനുള്ള വിഹിതം നിശ്ചയിച്ചു കൊണ്ടുള്ള " LSG PLAN AND SHARE AS PER APPROVED AWPB 2024-25 " പ്രകാരം Financial Target 26,61,042 രൂപയും, അതിൽ ഗ്രാമ പഞ്ചായത്ത് വിഹിതമായി നൽകേണ്ടിയിരുന്നത് 1064417 രൂപയായിരുന്നു. മുഴുവൻ തുകയും കൈമാറിയിട്ടുണ്ട്.
3. പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.
4. പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.
5. ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവൃത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല.

6. വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

7. പ്രൊജക്ടിന്റെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് SSK നൽകിയിട്ടില്ല.

8.SSK ലഭ്യമാക്കിയ LSG PLAN AND SHARE AS PER APPROVED AWPB 2024-25 പ്രകാരം താഴെ പറയുന്ന ഇനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്കൂളുകളിൽ നടപ്പാക്കിയതിന്റെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | ഇനം | നൽകിയ വിഹിതം(ലക്ഷത്തിൽ) |
|---|---|---|
| 1 | പ്രൈമറി-സൗജന്യ പുസ്തക വിതരണം | 0.972 |
| 2 | അപ്പർ പ്രൈമറി-സൗജന്യ പുസ്തക വിതരണം | 0.6 |
| 3 | യൂണിഫോം | 1.20 |
| 4 | മീഡിയ &കമ്മ്യൂണിറ്റി മൊബിലൈസേഷൻ | 0.02 |
| 5 | SMC/SDMC ട്രെയിനിംഗ് | 0.048 |
| 6 | Foundational Literacy And Numeracy | 1.15129 |
| 7 | Learning Enhancement Programme | 0.06773 |
| 8 | Innovative Activities | 0.21397 |
| 9 | Annual School Grant (Enrol >30-100) | 0.10 |
| 10 | Annual School Grant (Enrol >100 And<=250) | 0.6 |
| 11 | Primary School Library | 0.0744 |
| 12 | Rastriya Avishkar Abhiyan(RAA) | 0.08849 |
| 13 | Support At Pre Primary Level | 1.33854 |
| 14 | Teacher Salary | 0.10465 |
| 15 | Provision For Chldren With Special | 0.41382 |
| 16 | Sports And Physical Education | 0.10242 |
| 17 | Programme Management And MIS | 0.12239 |
| 18 | Self Defence Training For Girls | 0.12239 |

| | | |
|---|---|---|
| 19 | ICT And Digital Initiatives | 0.0653 |

മേൽ അപാകതകൾക്ക് വിശദീകരണം / രേഖകൾ പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ **ഓഡിറ്റ് എൻക്വയറി നം.14/18.07.25** ന് ലഭ്യമാക്കിയ മറുപടിയോടൊപ്പം ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രം വിശദ വിവരം ഉൾക്കൊള്ളുന്നതല്ല. വിശദമായ വിനിയോഗ സാക്ഷ്യ പത്രം പരിശോധനക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 10,64,417/- രൂപ തടസ്സം ചെയ്യുന്നു.

## 1-30 ലോഗ് ബുക്ക് വാഹനപരിപാലനത്തിലെ അപാകതകൾ KL 55Z 2246

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ KL55Z 2246 ബൊലേറ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയും പ്രകാരം അപാകതകൾ കാണുന്നു.

1. ഇന്ധന ഉപയോഗത്തിന്റെ മാസാന്ത്യ സംഗ്രഹം (Monthly Abstract) തയ്യാറാക്കിയിട്ടില്ല.

2.11.12.2024 ന് ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയതായി പി.ഡബ്ല്യൂ.ഡി മെക്കാനിക്കൽ സെക്ഷൻ മലപ്പുറം അസി.എഞ്ചിനീയർ ലോഗ് ബുക്ക് പേജ് 37 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ടെസ്റ്റിന്റെ റിസൾട്ട്/ ടെസ്റ്റ് റിപ്പോർട്ട് ലഭ്യമല്ല.

3. ലോഗ് ബുക്കിൽ ഹാൾട്ട് സംബന്ധിച്ച് രേഖപ്പെടുത്തുന്നില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/18.07.2025 നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-31 ഹരിത കർമ്മസേനക്ക് വാഹനം: തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്റ്റ്: 188 /25
ചെലവ് : 7,98,566 രൂപ
BRN 24150552005401665877/25.03.2025.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഹരിതകർമ്മസേനക്ക് വാഹനം വാങ്ങൽ എന്ന മേൽ പ്രൊജക്ടിൽ 7,98,566 രൂപ ചെലവഴിച്ച് മഹീന്ദ്ര പിക്ക്അപ്പ് ഡീസൽ വാഹനം വാങ്ങിയിട്ടുണ്ട്.

വാഹനം സ്റ്റോക്കിലെടുത്തതിന്റെയും ഹരിതകർമ്മസേനക്ക് കൈമാറിയിട്ടുണ്ടെങ്കിൽ ആയതിന്റെയും വിശദവിവരം ലഭ്യമാക്കേണ്ടതാണെന്നറിയിച്ചു നല്കിയ ഓഡിറ്റ് എൻക്വയറി 16 /18.07.2025 നു ലഭ്യമാക്കിയ മറുപടിയിൽ വാഹനത്തിന്റെ റജിസ്ട്രേഷൻ നടപടികൾ മെയ് മാസം 20 നാണ് പൂർത്തിയായതെന്നും വാഹനത്തിന്റെ നിലവിലെ ഉയരം കുറഞ്ഞ സൈഡ് കാരിയർ മാറ്റി പുതിയത് വെക്കുന്നതിനുള്ള എസ്റ്റിമേറ്റ് മെക്കാനിക് അസി. എഞ്ചിനിയർ അംഗീകരിക്കുന്ന മുറക്ക് തുടർ നടപടി സ്വീകരീക്കുന്നതാണെന്നും ഹരിത കർമ സേനക്ക് കാര്യമായ വരുമാനമില്ലാത്തതിനാൽ നിലവിൽ പഞ്ചായത്തിന്റെ കസ്റ്റഡിയിൽ തന്നെ

സൂക്ഷിക്കുന്ന പ്രസ്തുത വാഹനത്തിനു ഹരിത കർമ സേനയിൽ നിന്നു തന്നെ ഡ്രൈവറെ നിയമിക്കാൻ ഭരണ സമിതി തല തീരുമാനം എടുത്തിട്ടുണ്ടെന്നും മറുപടി നല്കി. സൗജന്യ വാറന്റി സർവീസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നഷ്ടമായി കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വാഹനം ഉപയോഗപ്രദമാക്കാൻ അടിയന്തിര നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നത് വരെ ഈ ഇനത്തിലെ ചെലവ് 7,98,566 രൂപ തടസത്തിൽ വെക്കുന്നു

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഇല്ല

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് പ്രീമിയം- ഒടുക്ക് വിശദാംശങ്ങൾ

ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

| ഓഡിറ്റ് വർഷത്തിലെ | മെഡിസെപ് പ്രീമിയം | മെഡിസെപ് പ്രീമിയം | ഒടുക്കാൻ ബാക്കി | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ജീവനക്കാരുടെ എണ്ണം* | ഇനത്തിൽ ഈടാക്കിയ തുക | ഇനത്തിൽ ഒടുക്കിയ തുക | നിൽക്കുന്ന തുക | |
| 15 | 89500 | 89500 | 0 | |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

**2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 0 | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |

**3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 0 | ബാധകമല്ല | | | |
| | | | | |

**4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 03/ 2025 | 500 | 500 | 0 | അവയവ മാറ്റശസ്ത്ര ക്രിയകൾക്കുള്ള മെഡിസെപ് (Catastrophic Package) ആവശ്യമില്ല എന്ന് കാണിച്ച് ജീവനക്കാരി അഫിഡവിറ്റ് ലഭ്യമാക്കിയിട്ടുണ്ട്. |

(ഓഡിറ്റ് എൻക്വയറി നമ്പർ 3/2024-25 തീയതി.14.07.2025)

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 2024-25 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ | ഈ റിപ്പോർട്ടിന്റെ |

| | |
|---|---|
| പത്രികയുടെ പരിശോധന നടത്തി | ഭാഗമാക്കി. |

## 4-3 സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രൊജക്ട് നം, പേര് | ലഭിച്ച തുക (₹) | ചെലവഴിച്ച തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 70/25 - ലൈഫ് ഭവന പദ്ധതി | 360000 | 360000 | 0 |
| | 18/25 - പരിരക്ഷ ഹോം കെയർ | 65790 | 65790 | 0 |
| | 102/25 - പരിരക്ഷ ഹോം കെയർ | 32080 | 32080 | 0 |
| | 5/25 - ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 621180 | 621180 | 0 |
| | 74/25 - നെൽ കൃഷി വികസന പദ്ധതി | 519360 | 519360 | 0 |
| | 95/25 - വാർഡ് 18 ലെ 97 നമ്പർ അംഗനവാടിക്ക് പുതിയ കെട്ടിടം നിർമ്മാണം | 101000 | 101000 | 0 |
| | 103/25 - നെൽ കൃഷി വികസന പദ്ധതി | 487982 | 487982 | 0 |
| | 134/25 -ടേക്ക് എ ബ്രേക്ക് | 974051 | 974051 | 0 |
| | **ആകെ** | **3161443** | **3161443** | **0** |
| ജില്ലാ പഞ്ചായത്ത് | 5/25 - ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,60,000 | 2,60,000 | 0 |

| | | | | |
|---|---|---|---|---|
| | 122/24 - ചെറിയമുണ്ടം ഗവ ഹയർസെക്കണ്ടറി സ്കൂൾ ബെൽറ്റ് റോഡ് കോൺക്രീറ്റിംഗ് | 15,00,000 | 15,00,000 | 0 |
| | 112/25 ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1613832 | 1613832 | 0 |
| | **ആകെ** | **3373832** | **6,36,155** | **0** |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-6 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം ലഭ്യമായ വായ്പ തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|---|
| | | | | | **മുതൽ** | **പലിശ** | |
| 1 | ലൈഫ് ഭവനപദ്ധതി – KURDFC | – | -6,37,211 | 6,000,000 | 821272 | 0 | 2641517 |

കുറിപ്പ് :- നീക്കിയിരിപ്പിൽ 1900,000 രൂപയുടെ വ്യത്യാസം ഉണ്ട്. വിശദാംശം ഖണ്ഡിക 1-1-3 ആയി ചേർത്തിട്ടുണ്ട്.

## 4-7 സ്ഥീര സ്ഥിരനിക്ഷേപങ്ങൾ

**എ). സ്ഥിരനിക്ഷേപങ്ങൾ**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (₹) | 6,100 |
| തൻവർഷം നിക്ഷേപിച്ച തുക (₹) | 0 |

| | |
|---|---|
| ആകെ (₹) | 6,100 |
| തന്നാണ്ടിൽ പിൻവലിച്ച തുക (₹) | 5000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (₹) | 1,100 |

ബി). **വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരങ്ങൾ.**

| നിക്ഷേപത്തിന്റെ വിവരം | തുക (₹) | രശീതി നമ്പർ/ തീയ്യതി |
|---|---|---|
| മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ | 1,100 | ഷെയർ സർട്ടിഫിക്കറ്റ് നം. 13/27.07.1977 |

## 4-8 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 33, 34, 35, 36 | 2003-04 | മറ്റ് പരാമർശങ്ങൾ | റോഡ് പുനരുദ്ധാരണം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2009-10, 2010-11 | 3(19) | 2013-14 | ലഘു അവലോകനം | | |
| 2014-15 | 2(1), 2(2) | 2016-17 | | വസ്തു നികുതി, തൊഴിൽ നികുതി | |

## 4-10 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) <u>ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | 1996-97 | 44 | ശ്രീ. കെ. എം. രഘുനാഥൻ, ജൂ.സൂപ്രണ്ട്. | LF 27890/ Spl.Cell/ SC3/99 24.07.2001 | 143.75 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 143.75 |

(ബി) <u>സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 1996-97 | 45 | ശ്രീ.കെ.എം. രഘുനാഥൻ, ജൂ.സൂപ്രണ്ട്. | LF 27890/ Spl.Cell/ SC3/99 24.07.2001 | 4,453 | 202/- 46208/9 9.11.04 | ഇല്ല | ഇല്ല | ഇല്ല | 202 | 4,251 |
| | | 46 | ശ്രീ.കെ.എം. രഘുനാഥൻ, ജൂ.സൂപ്രണ്ട്. | LF 27890/ Spl.Cell/ SC3/99 24.07.2001 | 1,422 | 247/- 46208/9 9.11.04 | ഇല്ല | ഇല്ല | ഇല്ല | 247 | 1,175 |
| | | 47 | ശ്രീ.കെ.എം. രഘുനാഥൻ, ജൂ.സൂപ്രണ്ട്. | LF 27890/ Spl.Cell/ SC3/99 24.07.2001 | 1,820 | 300/- 46280/94 19.08.05 | ഇല്ല | ഇല്ല | ഇല്ല | 300 | 1,520 |
| | | 53 | ശ്രീ.കെ.എം. രഘുനാഥൻ, ജൂ.സൂപ്രണ്ട്. | LF 27890/ Spl.Cell/ SC3/99 24.07.2001 | 2,015 | 29/- 47529/63 9.08.06 | ഇല്ല | ഇല്ല | ഇല്ല | 29 | 1,986 |

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**എ). സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 5,91,38,993 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 4,78,10,061 |
| വരവിനങ്ങളിലെ നഷ്ടം (₹) | 0 |

| | |
|---|---|
| ചെലവിനങ്ങളിലെ നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 0 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹) | 21,63,937 |

**ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.</u>**

ഇല്ല.

**സി). <u>ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.</u>**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 27000 | ശ്രീമതി.സ്മിത ടി.വൈ,ഐ.സി.ഡി.എസ് സൂപ്പർ വൈസർ |
| 1-19 | 99,499 | ശ്രീമതി.സ്മിത ടി.വൈ, ഐ.സി.ഡി.എസ് സൂപ്പർ വൈസർ |
| 1-20 | 89,460 | ശ്രീമതി.സ്മിത ടി.വൈ,ഐ.സി.ഡി.എസ് സൂപ്പർ വൈസർ |
| 1-25 | 84,995 | ശ്രീ. ടി. കെ. ബാബു, സെക്രട്ടറി |
| 1-29 | 10,64,417 | ശ്രീ. ടി. കെ. ബാബു, സെക്രട്ടറി |
| 1-31 | 7,98,566 | ശ്രീ. ടി. കെ. ബാബു, സെക്രട്ടറി |
| **ആകെ** | 21,63,937 | |

**ഡി). <u>കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല.

**ഇ). <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.</u>**

ഇല്ല.

**എഫ്). <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.</u>**

ഇല്ല.

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|---|

| | | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1996-97 | കെ.എസ്.എ.എം.പി.എം.15/2023/2022, തിയ്യതി : 13.04.2023 | 2 |
| 2 | 1997-98 | കെ.എസ്.എ.എം.പി.എം.15/2023/2022(1) തിയ്യതി : 12.01.2023 | 2 |
| 3 | 1998-99 | കെ.എസ്.എ.എം.പി.എം.15/2023/2022(2) തിയ്യതി : 12.01.2023 | 3 |
| 4 | 1999-00 | കെ.എസ്.എ.എം.പി.എം.15/2023/2022(3) തിയ്യതി : 12.01.2023 | 6 |
| 5 | 2000-01 | കെ.എസ്.എ.എം.പി.എം.15/2023/2022(4) തിയ്യതി : 12.01.2023 | 1 |
| 6 | 2001-02 (ചെലവ്) | കെ.എസ്.എ.എം.പി.എം.15/2023/2022(5) തിയ്യതി : 12.01.2023 | 8 |
| 7 | 2002-03 | കെ.എസ്.എ.എം.പി.എം.15/2023/2022(7) തിയ്യതി : 12.01.2023 | 3 |
| 8 | 2003-04 | കെ.എസ്.എ.എം.പി.എം.15/2023/2022(8) തിയ്യതി : 12.01.2023 | 1 |
| 9 | 2004-05 | കെ.എസ്.എ.എം.പി.എം.15/2023/2022(9) തിയ്യതി : 12.01.2023 | 2 |
| 10 | 2005-06 | കെ.എസ്.എ.എം.പി.എം.15/2023/2022(10) തിയ്യതി : 12.01.2023 | 3 |
| 11 | 2006-07 | കെ.എസ്.എ.എം.പി.എം.15/2023/2022(11) തിയ്യതി : 12.01.2023 | 3 |
| 12 | 2007-08 | കെ.എസ്.എ.എം.പി.എം.15/2023/2022(12) തിയ്യതി : 12.01.2023 | 5 |
| 13 | 2008-09 | കെ.എസ്.എ.എം.പി.എം.15/2023/2022(13) തിയ്യതി : 12.01.2023 | 18 |

| | | | |
|---|---|---|---|
| 14 | 2009-10 & 2010-11 | കെ.എസ്.എ.എം.പി.എം.15/2023/2022(14) തിയ്യതി : 12.01.2023 | 18 |
| 15 | 2011-12 & 2012-13 | കെ.എസ്.എ.എം.പി.എം.15/2023/2022(15) തിയ്യതി : 12.01.2023 | 10 |
| 16 | 2013-14 & 2014-15 | കെ.എസ്.എ.എം.പി.എം.15/2023/2022(16) തിയ്യതി : 12.01.2023 | 5 |
| 17 | 2015-16 | കെ.എസ്.എ.എം.പി.എം.15/3400/2016 , തിയ്യതി : 10.05.2023 | 8 |
| 18 | 2016-17 | കെ.എസ്.എ.എം.പി.എം.15/2034/2017 , തിയ്യതി : 10.05.2023 | 9 |
| 19 | 2017-18 | കെ.എസ്.എ.എം.പി.എം.15/274/2019, തിയ്യതി : 01.06.2019 | 15 |
| 20 | 2018-19 | കെ.എസ്.എ.എം.പി.എം.15/2860/2019, തിയ്യതി : 24.04.2020 | 18 |
| 21 | 2019-20 | കെ.എസ്.എ.എം.പി.എം.15/826/2022, തിയ്യതി : 24.09.2022 | 11 |
| 22 | 2020-21 | കെ.എസ്.എ.എം.പി.എം.15/1409/2022, തിയ്യതി : 28.04.2023 | 17 |
| 23 | 2021-22 | കെ.എസ്.എ.എം.പി.എം.15/2879/2022, തിയ്യതി : 05.09.2023 | 18 |
| 24 | 2022-23 | കെ.എസ്.എ.എം.പി.എം.15/2751/2023, തിയ്യതി : 23.02.2024 | 18 |
| 25 | 2023-24 | കെ.എസ്.എ.എം.പി.എം.15/1424/2024, തിയ്യതി : 10.01.2025 | 14 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2/1 dated 2/1 dated 21-06-2025 and submitted on 26-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Cheriyamundam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Cheriyamundam Grama Panchayat as on 31-03-2025

**Date: 08/10/2025** **Deputy Director**

**Kerala State Audit Department**

# Audit Report appended to the Audit Certificate of Cheriyamundam Grama Panchayat for the Year 2024-2025.

## 1.Major Observations

NIL

## 2.Other Observations

1. As per the reconciliation statement of canara bank account ( A/C No: 110042603496) an amount of 46897/- has credited on 30.04.2024, but it is still not added into the Bankbook.
2.As per the B-9 schedule of annual finansial statement an amount of 7800/- has received in the head of traders profession tax, but the details of the receipt is not available.
3.The remain amount to the KURDFC loan is 2641517/- as per the B-5 schedule of financial statement, but that does not match with the DCB details of the KURDFC loan.
4.The following mandatory financial statements prescribed in accounting rules of Kerala Panchayath Raj (Accounts),2011 are not submitted for audit.
a.Ratios
b.Notes on accounts
c. Comparative amounts of previous year.
5.Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

# <u>അനുബന്ധം-2</u>
## <u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്